# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 184 01.12.2014-ൽ മറുപടിയ്ക്ക്

## സോളാർ തട്ടിപ്പ് അന്വേഷണ സംഘം തെളിവുകൾ പൂഴ്ത്തിയതായുള്ള ആക്ഷേപം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ആർ.രാജേഷ്<br>ശ്രീ.കെ.കുഞ്ഞിരാമൻ ഉദുമ<br>ശ്രീമതി.കെ.എസ്.സലീഖ<br>ശ്രീ.കെ.വി.അബ്ദുൽ ഖാദർ | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) സോളാർ തട്ടിപ്പ് അന്വേഷിച്ച പോലീസ് സംഘം പ്രസ്തുത കേസ് അട്ടിമറിച്ചതായുള്ള ആക്ഷേപങ്ങളും, റിപ്പോർട്ടുകളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(ബി) അന്വേഷണത്തിന്റെ ഭാഗമായി പോലീസ് പിടിച്ചെടുത്ത നിർണ്ണായകമായ തെളിവുകൾ കോടതിയിൽ ഹാജരാക്കാതെ പൂഴ്ത്തിയതായുള്ള ആക്ഷേപം പരിശോധിക്കുകയുണ്ടായോ; | (എ) & (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സോളാർ തട്ടിപ്പ് കേസുകളുടെ തെളിവുകളെല്ലാം അന്വേഷണ സംഘം ശേഖരിച്ച് അന്വേഷണം പൂർത്തിയാക്കുകയും കുറ്റപത്രം കോടതികളിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) പോലീസ് കസ്റ്റഡിയിലെടുത്തതായ ലാപ്ടോപ്പുകളുടെയും മൊബൈൽ ഫോണുകളുടെയും നിജസ്ഥിതി വ്യക്തമാക്കാമോ; സോളാർ ഇടപാടുകളിലെ ഉന്നതരുടെ പങ്ക് തെളിയിക്കുന്ന നിർണ്ണായക തെളിവുകളും ദൃശ്യങ്ങളും അപ്രത്യക്ഷമായിട്ടുണ്ടെങ്കിൽ അത് എങ്ങനെയാണെന്ന് വെളിപ്പെടുത്താമോ; കോടതിയിൽ ഹാജരാക്കാതെ ഏതെങ്കിലും ഉദ്യോഗസ്ഥൻ അവ കൈവശം വെച്ച് വരുന്നതായി അറിയുമോ; തന്റെ ദൃശ്യങ്ങൾ പുറത്തുവിട്ടതു സംബന്ധമായി പ്രതി സരിത നൽകിയ ആക്ഷേപം എന്തായിരുന്നു; | (സി) അന്വേഷണ വേളയിൽ പോലീസ് ബന്തവസിലെടുത്ത എല്ലാ തെളിവു സാമഗ്രികളും രേഖകളും കോടതികളിൽ ഹാജരാക്കുകയും ഫോറൻസിക് പരിശോധനയ്ക്ക് വിധേയമാക്കുകയും ചെയ്തിട്ടുണ്ട്. ടി കേസുകളിലെ ഏതെങ്കിലും തെളിവ് സാമഗ്രികൾ കോടതിയിൽ നൽകാതിരിക്കുവാനുള്ള നടപടികൾ സ്വീകരിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സോളാർ കേസിലെ പ്രതിയായ ശ്രീമതി.സരിത, ടിയാളുടെ പക്കൽ നിന്നും കസ്റ്റഡിയിലെടുത്ത സാമഗ്രികളിൽ നിന്നുള്ള ദൃശ്യങ്ങൾ പുറത്തുവിട്ടു എന്ന് ആരോപിച്ചും, ടി കാര്യങ്ങളെക്കുറിച്ച് അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ട് പരാതി നൽകിയിട്ടുണ്ട്. |
| (ഡി) കോടതിയിൽ ഹാജരാക്കാതെ പോലീസ് കസ്റ്റഡിയിൽ സൂക്ഷിച്ച ദൃശ്യങ്ങൾ വാട്സ് ആപ്പ് വഴി പ്രചരിപ്പിക്കപ്പെട്ടതായുള്ള റിപ്പോർട്ടുകളിന്മേൽ അന്വേഷണം നടത്തിയിട്ടുണ്ടോ; അന്വേഷണത്തിന്റെ ഭാഗമായി പിടിച്ചെടുക്കപ്പെട്ട ദൃശ്യങ്ങൾ ഉൾപ്പെടെയുള്ള എല്ലാ തെളിവുകളും കോടതിയിൽ സമർപ്പിക്കാൻ നിർദ്ദേശം നല്കാമോ? | (ഡി) സോളാർ കേസുകൾ സംബന്ധിച്ച് രജിസ്റ്റർ ചെയ്ത കേസുകളിലെ തെളിവ് സാമഗ്രികൾ /രേഖകൾ കോടതിയിൽ ഹാജരാക്കാതെ പോലീസ് കസ്റ്റഡിയിൽ സൂക്ഷിച്ചിട്ടില്ല. അന്വേഷണത്തിന്റെ ഭാഗമായി പിടിച്ചെടുക്കപ്പെട്ട എല്ലാ തെളിവ് സാമഗ്രികളും /രേഖകളും യഥാസമയം തന്നെ കോടതികളിൽ ഹാജരാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ